**17.12.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 06-03-97**

# ശിവജയന്തിയുടെ സമ്മാനം- പരിശ്രമത്തെ വിട്ട് പ്രേമത്തിന്റെ ഊഞ്ഞാലിലാടൂ

ഇന്ന് സ്വയം ശിവപിതാവ് തന്റെ നാനാ ഭാഗത്തു നിന്നും വന്ന കുട്ടികളുമായി തന്റെ ജയന്തി ആചരിക്കുവാൻ വന്നിരിക്കുകയാണ്. എത്രയാണ് കുട്ടികളുടെ ഭാഗ്യം- സ്വയം ബാബ കാണുവാനും ആഘോഷിക്കുവാനും വന്നിരിക്കുന്നു. ലോകർ വിളിച്ചുകൊണ്ടിരിക്കുകയാണ് വരൂ, എപ്പോൾ വരും, ഏതു രൂപത്തിൽ വരും, ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്നു. താങ്കൾ കുട്ടികളുമായി സ്വയം ബാബ ആഘോഷിക്കാനായി വന്നിരിക്കുന്നു. ഇങ്ങനെയുള്ള വിചിത്ര ദൃശ്യം ഒരിക്കലും സ്വപ്നത്തിൽ പോലും ചിന്തിച്ചിട്ടുണ്ടാവില്ല. എന്നാൽ ഇന്ന് സാകാരരൂപത്തിൽ ആചരിക്കുവാനായി ഓടിയോടി എത്തിച്ചേർന്നിരിക്കുന്നു. ബാബയും നാനാ ഭാഗത്തെയും കുട്ടികളെ കണ്ട് ഹർഷിതമാകുന്നു. ആഹാ സാളിഗ്രാമമായ കുട്ടികളെ ആഹാ! ആഹാ, സാകാര സ്വരൂപധാരി സ്വർഗസ്ഥാപകനായ ഫരിസ്തയിൽ നിന്ന് ദേവതയാകുന്ന കുട്ടികളെ ആഹാ. ഭക്ത കുട്ടികളും താങ്കൾ ജ്ഞാനി കുട്ടികളും തമ്മിൽ എത്ര അന്തരമാണ്. ഭക്തർ ഭാവനയുടെ അല്പകാല ഫലം കഴിച്ച് സന്തോഷിക്കുന്നു. ആഹാ ആഹാ എന്ന് പാട്ട് പാടിക്കൊണ്ടിരിക്കുന്നു, താങ്കൾ ജ്ഞാനി തു കുട്ടികൾ അല്പകാലഫലം കഴിക്കുന്നില്ല, ബാബയിൽ നിന്ന് പൂർണ സമ്പത്ത് എടുത്ത് സമ്പത്തിന് അധികാരിയാകുന്നു. അപ്പോൾ ഭക്ത ആത്മാക്കളും ജ്ഞാനി ആത്മാക്കളും തമ്മിൽ എത്ര അന്തരമാണ്. ആഘോഷിക്കുന്നുണ്ട് ഭക്തരും. ആഘോഷിക്കാൻ താങ്കളും വന്നിരിക്കുന്നു, എന്നാൽ ആഘോഷിക്കുന്നതിൽ എത്ര അന്തരമാണ്. ശിവജയന്തി ആചരിക്കുവാൻ വന്നിരിക്കുകയല്ലേ. ഓടിയോടി വന്നിരിക്കുന്നു, ചിലർ അമേരിക്കയിൽ നിന്ന്, ചിലർ ലണ്ടനിൽ നിന്ന്, ചിലർ ഓസ്ട്രേലിയയിൽ നിന്ന്, ചിലർ ഏഷ്യയിൽ നിന്ന്, എത്ര സ്നേഹത്തോടെ ഓടി എത്തിയിരിക്കുന്നു. അപ്പോൾ ബാപ്ദാദ ബാബയുടെ ജയന്തി, ഒപ്പം തന്നെ കുട്ടികളുടെയും ജയന്തിയാണ്, അപ്പോൾ ബാബയോടൊപ്പം കുട്ടികളുടെയും ജയന്തിയുടെ ആശംസകൾ, ആശംസകൾ, ആശംസകൾ. എന്തെന്നാൽ ഒറ്റയ്ക്ക് ബാബയ്ക്ക് ഈ സാകാരലോകത്ത് കുട്ടികളില്ലാതെ ഒരു കാര്യവും ചെയ്യാനാവുകയില്ല. ഇത്രയും കുട്ടികളോട് സ്നേഹമാണ്. ഒറ്റയ്ക്ക് ചെയ്യാനേ കഴിയില്ല. ആദ്യം കുട്ടികളെ നിമിത്തമാക്കുന്നു, പിന്നീട് പിന്തുണയായി, അഥവാ കംബൈൻഡായി , ചെയ്യിക്കുന്നവനായി നിമിത്ത കുട്ടികളെ കൊണ്ട് കാര്യം ചെയ്യിക്കുന്നു. സാകാരലോകത്ത് ഒറ്റയ്ക്ക് കുട്ടികളില്ലാതെ ഇഷ്ടപ്പെടുന്നില്ല. നിരാകാരി ലോകത്താണെങ്കിൽ താങ്കൾ കുട്ടികൾ ബാബയെ ഒറ്റയ്ക്കു വിട്ട് പോന്നിരിക്കുന്നു. ബാബയുടെ ആജ്ഞ കൊണ്ട് തന്നെയാണ് പോകുന്നത്, എന്നാൽ സാകാരലോകത്തിൽ ബാബയ്ക്ക് കുട്ടികളെ കൂടാതെ കഴിയാനാവില്ല. കുട്ടികൾ തീർച്ചയായും കൂടെ വേണം. കുട്ടികളുടെയും പ്രതിജ്ഞയാണ് കൂടെ കഴിയും, കൂടെ പോകും- കേവലം നിരാകാരി ലോകം വരേക്കും.

ബാപ്ദാദ കാണുകയായിരുന്നു, എല്ലാ കുട്ടികൾക്കും ബാബയുടെ ജയന്തി ആഘോഷിക്കാൻ എത്ര ഉണർവുത്സാഹമാണ്. അപ്പോൾ ബാബയും നോക്കൂ- കുട്ടികളോടുള്ള സ്നേഹത്തിൽ താങ്കളുടെ കൂടെ സാകാരശരീരത്തെ ലോണെടുത്ത് എത്തിച്ചേർന്നിരിക്കുന്നു. ഇതിനെയാണ് പറയുന്നത് അലൗകിക സ്നേഹം. കുട്ടികൾക്ക് ബാബയെക്കൂടാതെ കഴിയാനാവില്ല, ബാബയ്ക്ക് കുട്ടികളെ കൂടാതെ കഴിയാനാവില്ല. സ്നേഹവും അതിയാണ്, വേറിട്ടിരിക്കുന്നതും അതിയാണ്. അതിനാൽ ബാബയുടെ മഹിമ തന്നെയുണ്ട്- വേറിട്ട സ്നേഹി. കുട്ടികൾ ബാബയ്ക്കായി പല തരത്തിലുള്ള സമ്മാനം, കാർഡ്, എന്തെങ്കിലും സാധനങ്ങൾ, ഹൃദയത്തിന്റെ ഉത്സാഹ പത്രം, കൊണ്ടുവന്നത് എന്തു തന്നെയായാലും ബാബയുടെ അടുക്കൽ ഇന്നത്തെ ദിവസം വതനത്തിൽ എല്ലാ സമ്മാനത്തിന്റെയും മ്യൂസിയം ആയിരിക്കുകയാണ്. താങ്കളുടെ മ്യൂസിയമാണ് സ്നേഹത്തിന്റേത്, ബാബയുടെ മ്യൂസിയമാണ് സ്നേഹത്തിന്റേത്. എല്ലാവരും കൊണ്ടുവന്നതായാലും അയച്ചതായാലും ഏവരുടെയും സ്നേഹ സമ്പന്ന സമ്മാനങ്ങൾ ബാബയുടെ അടുക്കൽ ഇപ്പോഴും മ്യൂസിയമായിരിക്കുകയാണ്. അവ കണ്ട് കണ്ട് ബാബ ഹർഷിതമാകുകയാണ്. സാധനം വലുതല്ല എന്നാൽ എല്ലാ സാധനത്തിലും സ്നേഹം നിറഞ്ഞിരിക്കുന്നു, അപ്പോൾ ആ ചെറിയ സാധനവും വലിയ മഹത്തായതാകുന്നു. അപ്പോൾ ബാപ്ദാദ സാധനത്തെ കാണുന്നില്ല, കടലാസിനെയോ കാർഡിനെയോ കത്തിനെയോ കാണുന്നില്ല എന്നാൽ അതിലടങ്ങിയിരിക്കുന്ന ഹൃദയത്തിന്റെ സ്നേഹത്തെ കാണുന്നു. അതുകൊണ്ട് പറയുന്നു ബാബയുടെ അടുക്കൽ സ്നേഹത്തിന്റെ മ്യൂസിയമാണ്. ഇങ്ങനെയുള്ള മ്യൂസിയം താങ്കളുടെ ലോകത്തില്ല. ഉണ്ടോ ഇങ്ങനെയുള്ള മ്യൂസിയം? ഇല്ല. ബാബ ഓരോരോ സ്നേഹത്തിന്റെ സമ്മാനവും കാണുമ്പോൾ കാണവേ കുട്ടികളുടെ രൂപവും അതിൽ കാണപ്പെടുന്നു. ഇങ്ങനെയുള്ള കാമറയുണ്ടോ താങ്കളുടെ കയ്യിൽ? ഇല്ല. സമ്മാനം കണ്ടുകൊണ്ട് ബാപ്ദാദയ്ക്ക് ഒരു ശുഭസങ്കൽപം വന്നു-പറയട്ടെ? ചെയ്യേണ്ടിവരും. ചെയ്യുമോ? തയ്യാറാണോ. ആലോചിക്കരുത്.

ബാപ്ദാദയ്ക്ക് സങ്കൽപം വന്നു ഈ സമ്മാനം ബാബയുടെ അടുക്കൽ എത്തിച്ചേർന്നു എന്നാൽ ഒപ്പം ബാപ്ദാദയ്ക്ക് മറ്റൊരു സമ്മാനവും വേണം. താങ്കളുടെയെല്ലാം സമ്മാനം വളരെ നല്ലതാണ്. എന്നാൽ ബാപ്ദാദയ്ക്ക് ബാപ്ദാദയ്ക്ക് മറ്റൊന്നു കൂടി വേണം. അപ്പോൾ തരുമോ സമ്മാനം? അതുപോലെ ഈ ഓർമചിഹ്നം ആചരിക്കുന്നതു പോലെ, ശിവജയന്തി എന്നാൽ എന്തെങ്കിലുമെന്തെങ്കിലും അർപ്പിക്കുക. ബലിയാകുക. അപ്പോൾ ബാപ്ദാദ ചിന്തിച്ചു– എല്ലാ കുട്ടികളും ബലിയായി. ബലിയായോ അതോ അൽപാൽപം തന്റെ അടുക്കൽ സൂക്ഷിച്ചുവെച്ചിട്ടുണ്ടോ? ഇന്നത്തെ ദിവസം വ്രതവുമെടുക്കുന്നു. അപ്പോൾ ബാപ്ദാദയ്ക്ക് സങ്കൽപം വന്നു– കുട്ടികൾ ഇടയ്ക്കിടെ പോകെപ്പോകെ കുറേശ്ശെ ക്ഷീണിക്കുന്നു, വളരെ പരിശ്രമം അനുഭവിക്കുന്നു അഥവാ നിരന്തര യോഗം വെക്കുക ബുദ്ധിമുട്ടായി തോന്നുന്നു, ചിന്തിക്കുന്നു– ആയിക്കോളും, ബാബയെ ആശ്വസിപ്പിക്കുന്നു– വിഷമിക്കേണ്ട, ശരിയാകും. എന്നാൽ ബാപ്ദാദയ്ക്ക് കുട്ടികളുടെ ക്ഷീണവും ഏകാന്തതയും, ഇടയ്ക്കിടെ ചിലർ കുറച്ച് നിരാശരുമാകുന്നു, അറിയില്ല എനിക്ക് ഭാഗ്യമുണ്ടോ ഇല്ലയോ... ഇടയ്ക്കിടെ ഇങ്ങനെ വിചാരിക്കുന്നു. അപ്പോൾ ബാബയ്ക്ക് നല്ലതായി തോന്നുന്നില്ല. ബാബയ്ക്ക് കുട്ടികളുടെ പരിശ്രമം ഒട്ടും നല്ലതായി തോന്നുന്നില്ല. അധികാരി എന്നിട്ട് പരിശ്രമം! ബാബയുടെയും കുട്ടിയാണ്, അധികാരിയാണ്. ഭഗവാന്റെയും അധികാരി പിന്നെ പരിശ്രമിക്കുന്നു! അപ്പോൾ നന്നായിരിക്കുമോ? കേൾക്കുന്നതേ നന്നായിരിക്കില്ല. അപ്പോൾ ബാബയ്ക്ക് സങ്കൽപം വന്നു– കുട്ടികൾ ജന്മദിന സമ്മാനം തീർച്ചയായും നൽകുമെങ്കിൽ എന്തുകൊണ്ട് ഇന്നത്തെ ദിവസം എല്ലാ കുട്ടികൾക്കും ഇത് സമ്മാനമായി തന്നുകൂടാ. ആ സ്ഥൂല സമ്മാനം വതനത്തിൽ എമർജായി. എന്നാൽ നിരാകാരി ലോകത്തിൽ ഈ സമ്മാനം എമർജാകുകയില്ല. അവിടെ സങ്കൽപത്തിന്റെ ഗിഫ്റ്റാണ് എത്തിച്ചേരുക. അപ്പോൾ ബാബയ്ക്ക് സങ്കൽപം വന്നു– ഇന്നത്തെ ദിവസം എല്ലാ കുട്ടികളിൽ നിന്നും സമ്മാനം വാങ്ങണം. അപ്പോൾ സമ്മാനം നൽകുമോ അതോ നൽകിയിട്ട് പിന്നെ അവിടെ പോയി തിരിച്ചുവാങ്ങുമോ? പറയും, മധുബന്റേത് മധുബനിൽ കഴിഞ്ഞു, സ്വന്തം സ്ഥലത്ത് സ്വന്തം സ്ഥലമാണ്, ഇങ്ങനെ ചെയ്യില്ലല്ലോ? കുട്ടികൾ വളരെ സമർഥരായിരിക്കുന്നു. ബാബയോട് പറയുന്നു– ഞങ്ങൾ ആഗ്രഹിക്കുന്നില്ല തിരിച്ചുവരാൻ, പക്ഷേ തിരിച്ചുവരുന്നു. വരുമ്പോൾ താങ്കൾ സ്വീകരിക്കുന്നതെന്തിന്? വരുന്നു, ഇത് ശരിയാണ്. എന്നാൽ എന്തെങ്കിലും സാധനം താങ്കൾക്ക് ഇഷ്ടമില്ലെങ്കിൽ ആരെങ്കിലും നിർബന്ധിച്ച് തന്നാലും താങ്കൾ എടുക്കുമോ മടക്കിക്കൊടുക്കുമോ? മടക്കിക്കൊടുക്കില്ലേ? അപ്പോൾ സ്വീകരിക്കുന്നതെന്തിന്? മായ തിരികെ കൊണ്ടുവരും എന്നാൽ താങ്കൾ സ്വീകരിക്കാതിരിക്കൂ. ഇങ്ങനെയുള്ള ധൈര്യമുണ്ടോ ? ചിന്തിച്ച് പറയൂ. പിന്നെ അവിടെ പോയി പറയരുത്– ബാബാ എന്തു ചെയ്യും, ആഗ്രഹിച്ചില്ല പക്ഷേ സംഭവിച്ചുപോയി. ഇങ്ങനെ കത്തെഴുതില്ലല്ലോ? താങ്കളുടെ ധൈര്യവും ബാബയുടെ സഹായവും. ധൈര്യം കുറയ്ക്കരുത്, പിന്നെ നോക്കൂ ബാബയുടെ സഹായം ലഭിക്കുന്നുണ്ടോ ഇല്ലയോ? എല്ലാവർക്കും അനുഭവവുമുണ്ട് ധൈര്യം വെക്കുന്നതിലൂടെ ബാബയുടെ സഹായം സമയത്ത് ലഭിക്കുന്നു, ലഭിക്കുക തന്നെ വേണം, ഗാരന്റിയാണ്. ധൈര്യം താങ്കളുടെ, സഹായം ബാബയുടെ. അപ്പോൾ സങ്കൽപം എന്തായി? മുഖം നോക്കുകയാണ്– ധൈര്യമുണ്ടോ ഇല്ലയോ! ധൈര്യശാലികളാണ്, എന്തെന്നാൽ അഥവാ ധൈര്യമില്ല എന്നുണ്ടെങ്കിൽ ബാബയുടേതാകില്ലായിരുന്നു. ആയിക്കഴിഞ്ഞു – ഇതിലൂടെ തെളിയുന്നു ധൈര്യമുണ്ട്. വെറും ചെറിയ കാര്യം ചെയ്യുന്നു– സമയത്ത് ധൈര്യത്തെ ചെറുതായി മറക്കുന്നു. എന്തെങ്കിലും സംഭവിച്ചാലോ പിന്നീട് ധൈര്യമോ സഹായമോ ഓർമ വരുന്നു. സമയത്ത് എല്ലാ ശക്തികളും, സമയാനുസരണം ഉപയോഗിക്കുക– ഇതിനെ പറയുന്നു ജ്ഞാനിതുആത്മാവ്, യോഗിതുആത്മാവ്.

ബാപ്ദാദയ്ക്ക് ഒരു കാര്യത്തിൽ വളരെ സന്തോഷമുണ്ട്, അറിയാമോ ഏതു കാര്യമാണെന്ന്, പറയൂ. (ധാരാളം പേർ കേൾപ്പിച്ചു) എല്ലാവരും ശരിയാണ് പറയുന്നത് പക്ഷേ ബാബയുടെ സങ്കൽപം വേറെയാണ്. താങ്കൾ വളരെ ഗഹനമായത് കേൾപ്പിക്കുകയാണ്, നോളജ്ഫുൾ ആയല്ലോ.

ബാപ്ദാദ സന്തോഷിക്കുകയായിരുന്നു– പല കുട്ടികളും കത്തും കുറിപ്പുകളും എഴുതിയിട്ടുണ്ട് ഞാൻ 108 ൽ വരും, ധാരാളം കുറിപ്പുകൾ വന്നിട്ടുണ്ട്. ബാപ്ദാദ വിചാരിച്ചു, ഇത്രയും പേർ 108 ൽ വരുമെങ്കിൽ അപ്പോൾ 108 ന്റെ മാല 5 ചരടുള്ളത് ഉണ്ടാക്കേണ്ടി വരും. അപ്പോൾ 5– 6– 7– 8 ചരടുള്ള മാല ഉണ്ടാക്കാമല്ലേ? ആര് സങ്കൽപം ചെയ്തുവോ, ലക്ഷ്യം വെച്ചുവോ വളരെ നല്ലത്. എന്നാൽ കേവലം ഈ സങ്കൽപത്തെ ഇടയ്ക്കിടെ ദൃഢമാക്കിക്കൊണ്ടിരിക്കൂ. മന്ദമാക്കരുത്. ഇങ്ങനെ പറയരുത്, മായ വന്നു. ഇനി അറിയില്ല എന്ന് വരുമോ ഇല്ലയോ! അറിയില്ല, അറിയില്ല... എന്നാകരുത്. അറിയിച്ചു, വരിക തന്നെ വേണം. ദൃഢതയുടെ അടപ്പിട്ട് മുറുക്കണം. അതെ എനിക്ക് വരിക തന്നെ വേണം, എന്തു സംഭവിച്ചാലും, എന്റെ നിശ്ചയം ഇളകാത്തതാണ്, അഖണ്ഡമാണ്. ഇങ്ങനെ അചഞ്ചല അഖണ്ഡ നിശ്ചയമാണോ? അപ്പോൾ മായയെ വിടട്ടെ ഇളക്കാൻ? വേണ്ടേ? ഭയമുണ്ടോ? മായ താങ്കളെ ഭയക്കുന്നു താങ്കൾ മായയെയും ഭയക്കുന്നുവോ? മായ തനിക്ക് വാതിൽ നോക്കുകയാണ്, ഇവിടെ തുറന്നിട്ടുണ്ടോ ഇവിടെ തുറന്നിട്ടുണ്ടോ. തിരഞ്ഞുകൊണ്ടിരിക്കുകയാണ്. താങ്കൾ പരിഭ്രമിക്കുന്നതെന്തിനാണ്? മായ ഒന്നും

തന്നെയല്ല. ഒന്നുമല്ല എന്നു പറയൂ എങ്കിൽ ഒന്നുമല്ലാതാകും. വരാൻ കഴിയില്ല, വരാൻ കഴിയില്ല, എങ്കിൽ വരാൻ കഴിയില്ല. എന്തു ചെയ്യാൻ? അപ്പോൾ മായയുടെ വാതിൽ തുറന്നു, ആഹ്വാനം ചെയ്തു. അപ്പോൾ നല്ല കാര്യമാണ് ധാരാളം കുട്ടികൾ 108 ൽ വരാൻ പ്രോമിസ് ചെയ്തിട്ടുണ്ട്. ചെയ്തില്ലേ? ആരാണോ പറഞ്ഞത് –ഞാൻ 108ൽ വരും– അവർ നീട്ടി കൈ ഉയർത്തൂ. നല്ല രീതിയിൽ ഡ്രിൽ ചെയ്യൂ. വളരെ നല്ലത്, ആശംസകൾ. ഇങ്ങനെ വിചാരിക്കരുത് 108ൽ എത്ര പേർ വരും, ഞാൻ എവിടെ വരാൻ– ഇതു ചിന്തിക്കരുത്. ആദ്യം എണ്ണാൻ തുടങ്ങുന്നു– ദാദി വരും, ദീദി വരും, പിന്നെ ദാദമാർ വരും, അഡ്വാൻസ് പാർട്ടിക്കാരും വരും. എന്റെ നമ്പർ വരുമോ ഇല്ലയോ അറിയില്ല! ബാപ്ദാദ പറഞ്ഞു 8 –10 ചരടുള്ള മാല ഉണ്ടാക്കും, അതിനാൽ താങ്കൾ വിഷമിക്കാതിരിക്കൂ. മറ്റുള്ളവരെ നോക്കരുത്, താങ്കൾക്ക് നമ്പർ ലഭിക്കുക തന്നെ വേണം, ഇത് ബാബയുടെ ഗാരന്റിയാണ്. താങ്കൾ ഒഴിഞ്ഞുമാറരുത്. മാലയുടെ ഇടയിൽ ചരട് ഒഴിച്ചിടരുത്. ഒര് മുത്ത് ഇടയിൽ പൊട്ടിപ്പോയാൽ, ഊരിപ്പോയാൽ മാല നന്നായി തോന്നുകയില്ല. ഇതു മാത്രം ചെയ്യരുത്, ബാക്കി ബാബയുടെ ഗാരന്റിയാണ് താങ്കൾ തീർച്ചയായും വരും.

താങ്കൾ ആഘോഷിക്കാൻ വന്നിരിക്കുകയാണ്, മുരളി നടത്താൻ വേണ്ടിയേയല്ല വന്നിരിക്കുന്നത്. അപ്പോൾ മറ്റാരുണ്ടെങ്കിലും അവർ മാലയിലേക്ക് വരൂ. 108ന്റെ മാലയിലേക്ക് എല്ലാവർക്കും സ്വാഗതം. ഇത് ഭക്തിമാർഗത്തിലുള്ളവർ 108ന്റെ മാല ഉണ്ടാക്കി. ബാപ്ദാദയ്ക്ക് എത്ര വേണമെങ്കിലും വലുതാക്കാം. ഇതിൽ സമ്മാനം ബാബ തീർച്ചയായും വാങ്ങും എന്ന് മാത്രം, സമ്മാനം വിടില്ല. ചെറിയൊരു സമ്മാനമാണ്, വലുതൊന്നുമല്ല, എന്തെന്നാൽ ബാബ എല്ലാ കുട്ടികളുടെയും 6 മാസത്തെ ചാർട്ട് കണ്ടു. അപ്പോൾ എന്ത് കണ്ടു? അഥവാ ഏതെങ്കിലും കുട്ടി അൽപമെങ്കിലും മേലുകീഴായാൽ, അചഞ്ചലമായതിൽ നിന്ന് ഇളക്കത്തിലേക്ക് വരുന്നുവെങ്കിൽ അതിന്റെ കാരണം വെറും 3 ആണ് മുഖ്യമായും, അതേ മൂന്നു കാര്യങ്ങളാണ് ഭിന്ന ഭിന്ന സമസ്യ അല്ലെങ്കിൽ പരിതസ്ഥിതി ഉണ്ടാക്കിക്കൊണ്ടു വരുന്നത്, ആ മൂന്നു കാര്യങ്ങൾ എന്താണ്?

അശുഭം അഥവാ വ്യർഥം ചിന്തിക്കുക അശുഭം അഥവാ വ്യർഥം പറയുക, അശുഭം അഥവാ വ്യർഥം ചെയ്യുക. ചിന്തിക്കുക, പറയുക, ചെയ്യുക ഇതിൽ സമയം ധാരാളം പാഴാകുന്നു. ഇപ്പോൾ വികർമം കുറവാണ്, വ്യർഥം അധികമാണ്. വ്യർഥത്തിന്റെ കൊടുങ്കാറ്റ് ഇളക്കുന്നു. ആദ്യം ചിന്തയിലേക്ക് വരുന്നു, പിന്നെ വാക്കിലേക്ക് വരുന്നു, പിന്നെ കർമത്തിൽ വരുന്നു. റിസൽറ്റിൽ കണ്ടു ആരുടെയെങ്കിലും വാക്കിലോ കർമത്തിലോ വരുന്നില്ല, പക്ഷേ ചിന്തിക്കുന്നതിൽ വളരെ വരുന്നു. ഏതാണോ ഉണ്ടാക്കേണ്ട സമയം അത് ചിന്തിക്കുന്നതിൽ കഴിഞ്ഞു പോകുന്നു. അപ്പോൾ ബാപ്ദാദ ഇന്ന് ഈ മൂന്നു കാര്യങ്ങൾ– ചിന്തിക്കുക, പറയുക, ചെയ്യുക– ഇവയുടെ സമ്മാനം എല്ലാവരിൽ നിന്നും വാങ്ങാനാഗ്രഹിക്കുന്നു. തയ്യാറാണോ? ആര് നൽകി അവർ കൈ ഉയർത്തൂ. കയ്യിൻരെ വീഡിയോ നന്നായി ഓരോരോ വശത്തു നിന്നും എടുക്കൂ. വലുതായി കൈ ഉയർത്തൂ. ഡ്രിൽ ചെയ്യുന്നില്ല, അതാണ് ഇങ്ങനെ കൈ ഉയർത്തുന്നത്. ശരി, എല്ലാവരും നല്കി. തിരിച്ചെടുക്കരുത്. ഇതു പറയരുത്, വായിൽ നിന്നു വന്നു പോയി. വായ്ക്ക് ദൃഢസങ്കൽപത്തിന്റെ ബട്ടൻ വെക്കൂ. ദൃഢസങ്കൽപത്തിന്റെ ബട്ടനില്ലേ? എന്തെന്നാൽ ബാപ്ദാദയ്ക്ക് കുട്ടികളോട് സ്നേഹമല്ലേ. അപ്പോൾ സ്നേഹത്തിന്റെ അടയാളമാണ്, സ്നേഹിക്കുന്നവർ പരിശ്രമിക്കുന്നത് കാണാൻ കഴിയില്ല. ബാപ്ദാദ ആ സമയത്ത് ഇതാണ് ചിന്തിക്കുന്നത്, ബാപ്ദാദ സാകാരത്തിൽ പോയി ഇവരോട് എന്തെങ്കിലും പറയാം, എന്നാൽ ഇപ്പോൾ ആകാരി, നിരാകാരിയാണ്. തീർത്തും എല്ലാവരും പരിശ്രമത്തിൽ നിന്നും ദൂരെ പ്രേമത്തിന്റെ ഊഞ്ഞാലിലാടിക്കൊണ്ടിരിക്കൂ. പ്രേമത്തിന്റെ ഊഞ്ഞാലിലാടിക്കൊണ്ടിരിക്കുന്നുവെങ്കിൽ പരിശ്രമം സമാപ്തമാകും. പരിശ്രമം അവസാനിപ്പിക്കാം, അവസാനിപ്പിക്കാം എന്ന് ചിന്തിക്കരുത്. കേവലം പ്രേമത്തിന്റെ ഊഞ്ഞാലിലിരിക്കൂ, പരിശ്രമം തനിയെ വിട്ടുപോകും. വിടാൻ ശ്രമിക്കേണ്ട, ഇരിക്കാൻ, ഊഞ്ഞാലാടാൻ ശ്രമിക്കൂ.

ശിവജയന്തി എന്നാൽ കുട്ടികളുടെ പരിശ്രമ സമാപ്തിയുടെ ജയന്തി. ശരിയല്ലേ? ബാബയ്ക്കും കുട്ടികൾക്കു മേൽ വിശ്വാസമാണ്. അറിയില്ല, എങ്ങനെ ഓരോരുത്തർ വിട്ടുപോകുന്നു, ബാബയ്ക്കു പോലും അറിയുന്നില്ല. ഛത്രഛായയ്ക്കുള്ളിലിരിക്കൂ. ബ്രാഹ്മണജീവിതത്തിന്റെ അർഥം തന്നെ ഊഞ്ഞാലാടുക, മായയിലല്ല. മായയും ഊഞ്ഞാലാട്ടും. അമൃതവേളയിൽ നോക്കൂ, മായ ഇങ്ങനെ ആട്ടുന്നു– സൂക്ഷ്മവതനത്തിനു പകരം, നിരാകാരി ലോകത്ത് വരുന്നതിനു പകരം നിദ്രാലോകത്ത് പോകുന്നു. പറയുന്നു– യോഗം ഡബിൾ ലൈറ്റാക്കുന്നു, എന്നാൽ തല ഭാരിച്ചുപോകുന്നു. അപ്പോൾ മായയും ഊഞ്ഞാലാട്ടുന്നു, എന്നാൽ മായയുടെ ഊഞ്ഞാലിൽ ആടരുത്. അരകൽപം മായയുടെ ഊഞ്ഞാലിൽ നിറയെ ആടിനോക്കിയതല്ലേ. എന്തു ലഭിച്ചു? ലഭിച്ചോ എന്തെങ്കിലും? ക്ഷീണിച്ചില്ലേ! ഇപ്പോൾ അതീന്ദ്രിയസുഖത്തിന്റെ ഊഞ്ഞാലിലാടൂ, സന്തോഷത്തിന്റെ ഊഞ്ഞാലിലാടൂ. ശക്തികളുടെ അനുഭൂതികളുടെ ഊഞ്ഞാലിലാടൂ. ഇത്രയും ഊഞ്ഞാൽ താങ്കൾക്കു ലഭിച്ചിട്ടുണ്ട്, ഇവിടത്തെ രാജകുമാരീ രാജ

കുമാരന്മാർക്കു പോലും ഉണ്ടാകില്ല. ഏത് ഊഞ്ഞാലാടിയാലും. ഇപ്പോൾ പ്രേമത്തിന്റെ ഊഞ്ഞാലിലാടൂ, ഇപ്പോൾ ആനന്ദത്തിന്റെ ഊഞ്ഞാലിലാടൂ. ഇപ്പോൾ ജ്ഞാനത്തിന്റെ ഊഞ്ഞാലിലാടൂ. എത്ര ഊഞ്ഞാലാണ്! എണ്ണമറ്റത്ര. അപ്പോൾ ഊഞ്ഞാലിൽ നിന്നിറങ്ങരുത്. ഓമനകളെപ്പറ്റി അച്ഛനമ്മമാർ ആഗ്രഹിക്കുന്നത് ഇതാണ്– കുട്ടികളുടെ പാദം മണ്ണിൽ പതിയരുത്, അല്ലെങ്കിൽ മടിയിലാകണം, അല്ലെങ്കിൽ ഊഞ്ഞാലിലാകണം, അല്ലെങ്കിൽ പരവതാനിയിലാകണം. പാദം മണ്ണിൽ പോകരുത്. ഇങ്ങനെയല്ലേ? അപ്പോൾ നിങ്ങൾ എത്ര ഓമനകളാണ്! നിങ്ങളെപ്പോലെ ഓമനകൾ ആരെങ്കിലുമുണ്ടോ? പരമാത്മാഓമനക്കുട്ടികൾ അഥവാ ദേഹബോധത്തിൽ പോകുകയാണെങ്കിൽ ദേഹം എന്താണ്? മണ്ണല്ലേ! ദേഹത്തെ എന്താണ് പറയുന്നത്? മണ്ണ്, മണ്ണോട് ചേരും. അപ്പോൾ ഇത് മണ്ണല്ലേ. മണ്ണിൽ എന്തിനാണ് കാൽ വെക്കുന്നത്? മണ്ണ് നല്ലതായി തോന്നുന്നുണ്ടോ? പല കുട്ടികൾക്കും മണ്ണ് നല്ലതായി തോന്നുന്നു, പലരും മണ്ണ് തിന്നാറുമുണ്ട്. എന്നാൽ താങ്കൾ കഴിക്കരുത്, കാൽ പോലും വെക്കരുത്. സങ്കൽപം വരിക അർഥം പാദം വെക്കുക. സങ്കൽപത്തിൽ പോലും ദേഹബോധം വരരുത്. ചിന്തിക്കൂ, ഓർമിക്കൂ– നാം എത്ര ഓമനകളാണ്, ആരുടെ ഓമനയാണ്! സത്യയുഗത്തിൽ പോലും പരമാത്മഓമനകളാകുകയില്ല. ദിവ്യആത്മാക്കളുടെ ഓമനകളാകും. എന്നാൽ ഈ സമയത്ത് പരമാത്മാപിതാവിന്റെ ഓമനകളാണ്. അപ്പോൾ കുട്ടികൾ ധൈര്യത്തിന്റെ കരങ്ങളാൽ സമ്മാനം നൽകി. അതിനാൽ ബാപ്ദാദ അതിനു നന്ദി പറയുന്നു.നന്ദി നന്ദി ശരി

നാനാ ഭാഗത്തെയും അതി അതി ഭാഗ്യശാലികളായ കുട്ടികൾ ആരാണാശിവബാബയുമായി ശിവജയന്തി ആഘോഷിക്കുന്നത്, ഇങ്ങനെ കോടിമടങ്ങ് എന്നല്ല എത്ര തന്നെ കൂടുതൽ കൂടുതൽ പറഞ്ഞാലും അതും കുറവാകും. ഇങ്ങനെ മഹാഭാഗ്യശാലിആത്മാക്കൾ, സദാ യജമാനത്വത്തിന്റെ ഇളകാത്ത ആസനവാസിയിൽ നിന്ന് ഭാവി സിംഹാസനവാസിയാകുന്ന ശ്രേഷ്ഠആത്മാക്കൾക്ക്, സദാ ബാബയുടെ ഒപ്പമൊപ്പം ആനന്ദത്തോടെ പ്രേമത്തിന്റെ ഊഞ്ഞാലിലാടിക്കൊണ്ട് കൂടെ പോകുന്ന ഇങ്ങനെയുള്ള ബാപ്ദാദയുടെ കൂട്ടുകാരായ കുട്ടികൾക്ക്, ബാപ്ദാദയുടെ ജന്മദിനാശംസകളും സ്നേഹസ്മരണകളും സ്വീകരിച്ചാലും, ബാബയുടെ എല്ലാ യജമാനന്മാർക്കും നമസ്തേ.

## വരദാനം: ബ്രാഹ്മണജീവിതത്തിൽ സദാ പരിശ്രമത്തിൽ നിന്ന് മുക്തമായി കഴിയുന്ന സർവ പ്രാപ്തി സമ്പന്നരായി ഭവിക്കട്ടെ

ഈ ബ്രാഹ്മണജീവിതത്തിൽ ദാതാവ്, വിധാതാവ്, വരദാതാവ്– മൂന്നു സംബന്ധങ്ങളിൽ നിന്നും ഇത്രയും സമ്പന്നമാകുന്നു, പരിശ്രമമില്ലാതെ ആനന്ദത്തിൽ കഴിയാൻ സാധിക്കുന്നു. ബാബയെ ദാതാവിന്റെ രൂപത്തിൽ ഓർമിക്കൂ എങ്കിൽ ആത്മീയഅധികാരത്തിന്റെ ലഹരിയുണ്ടാകും. ശിക്ഷകന്റെ രൂപത്തിൽ ഓർമിക്കൂ എങ്കിൽ ഈശ്വരീയ വിദ്യാർഥിയാണ്– ഈ ഭാഗ്യത്തിന്റെ ലഹരിയുണ്ടാകും. സത്ഗുരു– ഓരോ ചുവടിലും വരദാനങ്ങളാൽ പൊയ്ക്കൊണ്ടിരിക്കുകയാണ്. ഓരോ കർമത്തിലും ശ്രേഷ്ഠമതം വരദാതാവിന്റെ വരദാനമാണ്. ഇങ്ങനെ സർവ പ്രാപ്തികളാൽ സമ്പന്നമായിരിക്കൂ എങ്കിൽ പരിശ്രമത്തിൽ നിന്നു മുക്തമായിത്തീരും.

## സ്ലോഗൻ: ബുദ്ധിയുടെ ലാഘവത്വം അഥവാ സൂക്ഷ്മത തന്നെയാണ് ഏറ്റവും സുന്ദരമായ വ്യക്തിത്വം

സൂചന: ഇന്ന് അന്താരാഷ്ട്രയോഗാദിനം മൂന്നാമത്തെ ഞായറാഴ്ചയാണ്. വൈകിട്ട് 6.30 മുതൽ 7.30 മണി വരെ എല്ലാ സഹോദരീസഹോദരന്മാരും യോഗഅഭ്യാസത്തിൽ അനുഭവം ചെയ്യണം ഞാൻ തപസ്വി ആത്മാവ് ബീജരൂപനായ ശിവബാബയ്ക്കൊപ്പം കൽപവൃക്ഷത്തിന്റെ വേരിൽ വിരാജിമാനാണ്. ബീജരൂപ ബാബയിൽ നിന്നു പ്രാപ്തമായ സർവ ശക്തികൾ എന്റെ മാധ്യമത്തിലൂടെ മുഴുവൻ കൽപവൃക്ഷത്തിലേക്കും അഥവാ ഇലകളാകുന്ന ആത്മാക്കൾ വരെയും എത്തിച്ചേരുന്നു, ഇതിലൂടെ ഓരോരുത്തരും ദിവ്യശക്തികളുടെ അനുഭവം ചെയ്തുകൊണ്ടിരിക്കുന്നു.